(ബി) വരൾച്ചാക്കെടുതി കണക്കിലെടുത്തുകൊണ്ട് ശുദ്ധജലവിതരണ നടപടികൾ കാര്യക്ഷമമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) വരൾച്ചാക്കെടുതിയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഫണ്ട് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്ത് ഇപ്പോൾ അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന വരൾച്ചാക്കെടുതി കണക്കിലെടുത്തു കൊണ്ട് ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികളെ സംബന്ധിച്ച് വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫണ്ടുപയോഗിച്ച് കുടിവെള്ള വിതരണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

(സി) ഇക്കാര്യത്തിന് പ്രത്യേക ഫണ്ട് കൊടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ വികേന്ദ്രീകൃതാസൂത്രണത്തിൽ ലഭിച്ച ഫണ്ട് കുടിവെള്ള പദ്ധതികൾക്കു വേണ്ടി പഞ്ചായത്തുകൾ വിനിയോഗിക്കുന്നുണ്ട്.

12 (*296) ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട സി-ഡിറ്റ് പദ്ധതി

ശ്രീ. എ.വി. താമരാക്ഷൻ :

ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട എന്തെങ്കിലും പുതിയ പദ്ധതി സി-ഡിറ്റ് ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കാർ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിൽ സി-ഡിറ്റിന് എന്തെങ്കിലും പ്രത്യേക സ്ഥാനം നൽകുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) സി-ഡിറ്റ് ഇപ്പോൾ നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് വ്യക്തമാക്കുമോ;

(എഫ്) ജനകീയാസൂത്രണ പദ്ധതിയിൽ സി-ഡിറ്റിനെ ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ)&(ബി) ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ സി-ഡിറ്റ് 1998-99 കാലഘട്ടത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. 9-ാം പഞ്ചവത്സരപദ്ധതിക്ക് വേണ്ടി മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡ് നിയോഗിച്ച ഇലക്ട്രോണിക് മീഡിയ ടാസ്ക് ഫോഴ്സ് റിപ്പോർട്ടും, സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഇൻഫർമേഷൻ ടെക്നോളജി പോളിസി സംസ്ഥാന തലത്തിൽ കമ്പ്യൂട്ടർവൽക്കരണത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ എന്നീ ഒട്ടു മിക്ക പദ്ധതികളും രൂപകല്പന ചെയ്തിട്ടുള്ളതും, നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും സി-ഡിറ്റ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതി പ്രകാരമാണ്.

(സി)&(ഡി) ഉണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ വിവിധ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്റർനെറ്റ് സൗകര്യം നൽകുന്നതിനുള്ള ഏജൻസിക്കായി സി-ഡിറ്റിനെ പ്രഖ്യാപിക്കുന്നതിനുള്ള പദ്ധതി (ഐ.എസ്.പി) സർക്കാർ പരിഗണനയിലാണ്. സംസ്ഥാന തലത്തിൽ ഒരു സമ്പൂർണ്ണ സംവേദന ശൃംഖല കെട്ടിപ്പടുക്കുന്നതിനു വേണ്ടി സി-ഡിറ്റ് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലാണ്.

(ഇ) (1) സംസ്ഥാന തലത്തിൽ വികേന്ദ്രീകൃതാസൂത്രണത്തിനു വേണ്ടി ഒരു വിവരവ്യവസ്ഥ വികസിപ്പിച്ചെടുക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ട്. ഈ പ്രോജക്ട് വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണപരമായ പ്രവർത്തനങ്ങൾക്ക് ഇതു കൂടുതൽ കാര്യക്ഷമത വരുത്തുകയാണ് ഉദ്ദേശിക്കുന്നത്.

(2) മെഡിക്കൽ ഇൻഫർമാറ്റിക്സ് സാങ്കേതികവിദ്യ ഉപയോഗിച്ച് രോഗനിർണ്ണയത്തിന് സഹായിക്കുന്നതിനുള്ള സോഫ്റ്റ്വെയർ വികസനം.

(3) ഇന്റർനെറ്റ് പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ.

(4) കേരള സർക്കാർ സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് വെബ് ഹോസ്റ്റിംഗ് സർവീസ് നൽകുന്നതിനുള്ള പദ്ധതി.

(5) ഇൻഫർമേഷൻ ടെക്നോളജി കിയോസ്ക്കുകൾ പഞ്ചായത്ത് തലത്തിൽ വികസിപ്പിക്കുന്നതിനും അതുവഴി സ്വയംതൊഴിൽ കണ്ടെത്താൻ സഹായിക്കുന്നതുമായ പദ്ധതി.

(6) ഇൻഫർമേഷൻ ടെക്നോളജിയെ ആസ്പദമാക്കിയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം നൽകുക.

(7) കൂടാതെ ജനകീയാസൂത്രണത്തിന്റെ ആദ്യ വർഷപദ്ധതിയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു.

(8) സംസ്ഥാന തലത്തിൽ ഒരു സമ്പൂർണ്ണ സംവേദന ശൃംഖല കെട്ടിപ്പടുക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സംസ്ഥാന ആസൂത്രണ ബോർഡിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്.

(എഫ്) ജനകീയാസൂത്രണ പരിപാടികളുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ സി-ഡിറ്റ് നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്.

(1) ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഇലക്ട്രോണിക് മാധ്യമ പ്രചാരണ പ്രവർത്തനങ്ങൾക്ക് സി-ഡിറ്റാണ് നേതൃത്വം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(2) ജനകീയാസൂത്രണത്തിന്റെ ഒന്നാം വാർഷികത്തിൽ കേരളത്തിലെ വിവിധ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ പദ്ധതി രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ പ്രവർത്തനം സി-ഡിറ്റ് പൂർത്തിയാക്കി. ഡാറ്റാ ബേസ് സംസ്ഥാന ആസൂത്രണ ബോർഡിന് കൈമാറി.

(3) ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായി, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും, അതിനുള്ള സാങ്കേതിക സഹായം നൽകുന്നതിനും സി-ഡിറ്റിന് കഴിയുന്നു.

(4) വർക്കല മുനിസിപ്പാലിറ്റിയിൽ ഒരു ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായം സി-ഡിറ്റിന് നൽകി. സി-ഡിറ്റ് ഏറ്റെടുത്തിട്ടുള്ള സ്മൈഡ് പ്രോജക്ടിന്റെ ഭാഗമായി കുമരകം പഞ്ചായത്തിൽ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചു.

(5) ജില്ലാ പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ട് ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ശാസ്ത്രവിഷയങ്ങളിൽ വീഡിയോ മാധ്യമം ഉപയോഗിച്ച് പരിശീലനം നൽകുന്ന 'പഠന കൗതുകം' പരിപാടി ആരംഭിച്ചു. 1998-99 വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലാ പഞ്ചായത്തുമായി ചേർന്നുകൊണ്ട് ഭൂമിശാസ്ത്രവിഷയത്തിൽ ഒരു വീഡിയോ ചിത്രം നിർമ്മിച്ചു.

13 (*297) പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജ്മെന്റ് പ്രോഗ്രാം

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി. രാജു :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജ്മെന്റ് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രോഗ്രാമിന് കീഴിൽ എന്തെല്ലാമാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ പ്രോഗ്രാമിൽ കർഷകപങ്കാളിത്തം ഉറപ്പു വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതുറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജ്മെന്റ് പ്രോഗ്രാം കേരളത്തിലെ കണക്കുകളിൽ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ പ്രോഗ്രാമിൽ 'കാഡാ' യുടെ കീഴിൽ ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ എന്നിവയുടെ നിർമ്മാണ ജോലികൾ പൂർണ്ണമായും കർഷകപങ്കാളിത്തത്തോടെ നടത്തിവരുന്നുണ്ട്. കൂടാതെ ഡിസ്ട്രിബ്യൂട്ടറികളുടേയും മൈനറുകളുടെയും എല്ലാ അറ്റകുറ്റപണികളും തീർത്ത്

LIBRARY ARCHIVES Kerala Legislative Assembly